# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1760** 10.02.2020 -ലെ മറുപടിയ്ക്ക്

**ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികളുടെ പരീക്ഷാഫലം വൈകുന്നത് സംബന്ധിച്ച്**

*ചോദ്യം* *ഉത്തരം*

**ശ്രീ. ആന്റണി ജോൺ** **ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | 2015-18 കാലയളവിൽ കാലിക്കറ്റ് സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസത്തിനു കീഴിൽ ബി.കോം. കോഴ്സ് പൂർത്തിയാക്കി പാലക്കാട് യാക്കര ശ്രവണ സംസാര ഹയർസെക്കന്ററി സ്കൂളിൽ നിന്നും പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ പരീക്ഷാഫലം സർവ്വകലാശാല പ്രസിദ്ധീകരിക്കുകയോ ഡിഗ്രി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | പാലക്കാട് യാക്കര ശ്രവണ സംസാര ഹയർ സെക്കന്ററി സ്കൂൾ കാലിക്കറ്റ് സർവ്വകലാശാല യുടെ വിദൂര വിദ്യാഭ്യാസ പരീക്ഷ നടത്തിപ്പ് കേന്ദ്രം അല്ല. എന്നാൽ 2015-18 കാലയളവിൽ ഗവൺമെന്റ് വിക്ടോറിയ കോളേജ് പാലക്കാടിൽ ഒന്നാം സെമസ്റ്റർ മുതൽ ആറാം സെമസ്റ്റർ വരെ പരീക്ഷക്ക് രജിസ്റ്റർ ചെയ്ത ബികോം പ്രോഗ്രാം പൂർത്തിയാക്കിയ 22 വിദ്യാർത്ഥികളുണ്ട്. എന്നാൽ പ്രസ്തുത വിദ്യാർത്ഥികൾ ഒന്ന്, രണ്ട് സെമസ്റ്ററിലുള്ള കോമൺ കോഴ്സ് മലയാളം എഴുതാത്ത സാഹചര്യത്തിൽ അന്ന് നിലവിലുണ്ടായിരുന്ന നിയമം അനുസരിച്ച് ടി വിദ്യാർത്ഥികൾ ഡിഗ്രി സർട്ടിഫിക്കറ്റിന് അർഹരായിരുന്നില്ല. അവരുടെ റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികളിൽ ആദ്യശ്രമത്തിൽ തന്നെ എല്ലാ വിഷയങ്ങൾക്കും വിജയിച്ചവർക്ക് എന്തുകൊണ്ടാണ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യാത്തത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഗവൺമെന്റ് വിക്ടോറിയ കോളേജ് പാലക്കാടിൽ പരീക്ഷയെഴുതിയ പ്രസ്തുത വിദ്യാർത്ഥികൾ ഒന്നും രണ്ടും സെമസ്റ്ററുകളുടെ കോമൺ കോഴ്സ് മലയാളം എഴുതിയിട്ടില്ലാത്തതിനാൽ ആരും തന്നെ വിജയിച്ചിട്ടില്ല. അതിനാലാണ് ഡിഗ്രി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാത്തത്. |
| (സി) | ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികളെ രണ്ടാംഭാഷ പഠിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ശ്രവണ സംസാര വൈകല്യമുള്ള വിദ്യാർത്ഥികളെ 02.08.2019 ലെ 10304/2019/Admn നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം രണ്ടാം ഭാഷ പഠിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പകരമായി |

| | | | |
|---|---|---|---|
| | | | പ്രൊജക്ടുകൾ സമർപ്പിക്കാനും ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഇത്തരം വിദ്യാർത്ഥികൾക്ക് രണ്ടാംഭാഷയായ മലയാളം പഠിക്കണമെന്ന അറിയിപ്പ് ലഭിച്ചത് പഠനം പൂർത്തിയാക്കിയ ശേഷമാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ഡി) | 2014 CUCBCSS UG റെഗുലേഷൻ പ്രകാരം വിദ്യാർത്ഥികൾ തങ്ങളുടെ കോഴ്സ് പൂർത്തീകരിക്കുന്നതിനായി മറ്റു നിശ്ചിത വിഷയങ്ങളോടൊപ്പം ഇംഗ്ലീഷും കൂടാതെ സർവ്വകലാശാല നിയമാവലിയിലുള്ള ഏതെങ്കിലും ഒരു ഭാഷയും പഠിക്കേണ്ടതാണ്. ശ്രവണ സംസാര വൈകല്യമുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ ആർക്കും ഇതിൽ ഇളവൊന്നും റെഗുലേഷൻ അനുവദിച്ചിട്ടില്ല |
| (ഇ) | കോഴ്സ് കഴിഞ്ഞ് 2 വർഷത്തോളമായെങ്കിലും സർട്ടിഫിക്കറ്റ് കിട്ടാത്തതിനാൽ ഉപരിപഠനത്തിനോ മറ്റ് തൊഴിലോ ലഭിക്കാത്ത സഹചര്യത്തിൽ ഇവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | 02.08.2019 ലെ 10304/2019/Admn സർവ്വകലാശാല ഉത്തരവ്, അത് നടപ്പാക്കുന്നതിനായുള്ള നിബന്ധനകൾ വ്യക്തമാക്കുന്ന 05.12.2019 ലെ 17020/2019/Admn നമ്പർ ഉത്തരവ്, എന്നിവയുടെ അടിസ്ഥാനത്തിൽ രണ്ടാം ഭാഷയായ മലയാളത്തിന് പകരമായി മേല്പറഞ്ഞ വിദ്യാർത്ഥികൾ സമർപ്പിച്ച പ്രോജക്ടുകൾ മൂല്യ നിർണ്ണയം നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിന്റെ മാർക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഫലം പ്രസിദ്ധീകരിക്കുകയും പാസായ വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റുകൾ അനുവദിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ.